"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

നികുതി വകുപ്പ് - എക്സൈസ്- ജീവനക്കാര്യം - ആലുവ എക്സൈസ് സർക്കിൾ ഓഫീസിലെ സി.ആർ.28/2019 നമ്പർ കേസ് രജിസ്റ്റർ ചെയ്തതിലെ അപാകത-കുറ്റാരോപിതരായ ഉദ്യോഗസ്ഥർക്കെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കിയ എക്സൈസ് കമ്മീഷണറുടെ ഉത്തരവിനെതിരെ ടി ഉദ്യോഗസ്ഥർ സമർപ്പിച്ച അപ്പീൽ അപേക്ഷകൾ തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.1001/2024/TAXES തീയതി,തിരുവനന്തപുരം, 07-11-2024

---

പരാമർശം:-

1. എക്സൈസ് കമ്മീഷണറുടെ 21/02/2023 -ലെ EXC/3593/2019-XE4 നമ്പർ ഉത്തരവ്
2. എക്സൈസ് ഇൻസെക്ടർ ശ്രീ.സുജിത്ത് പി എസ്,അസി. എക്സൈസ് ഇൻസ്പെക്ടർ (ഗ്രേഡ്) വി.എം.ഹാരിസ്, സിവിൽ എക്സൈസ് ഓഫീസർമാരായ ശ്രീ.ഷാബു.സി.ജി, ജോസ് റെയ്ബി, സിദ്ധാർത്ഥ് എസ്, എ.വി.പ്രദീപ്കുമാർ, സി.റ്റി.സുനീഷ് കുമാർ എന്നിവർ സമർപ്പിച്ച അപ്പീൽ അപേക്ഷകൾ
3. എക്സൈസ് കമ്മീഷണറുടെ 01/06/2023,11/08/2023 തീയതികളിലെ EXC/3593/2019-XE4 നമ്പർ കത്തുകൾ
4. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ 21/10/2024-ലെ A1-1/37/2023-KPSC നമ്പർ കത്ത്

**<u>ഉത്തരവ്</u>**

ആലുവ എക്സൈസ് സർക്കിൾ ഓഫീസിലെ സി.ആർ.28/2019 നമ്പർ കേസ് രജിസ്റ്റർ ചെയ്തതിലെ അപാകതയ്ക്ക് ടി കേസ് രജിസ്റ്റർ ചെയ്ത എക്സൈസ് ഇൻസെക്ടർ ശ്രീ.സുജിത്ത് പി എസ്,അസി. എക്സൈസ് ഇൻസ്പെക്ടർ (ഗ്രേഡ്) വി.എം.ഹാരിസ്, സിവിൽ എക്സൈസ് ഓഫീസർമാരായ ശ്രീ.ഷാബു.സി.ജി, ജോസ് റെയ്ബി, സിദ്ധാർത്ഥ് എസ്, എ.വി.പ്രദീപ്കുമാർ, സി.റ്റി.സുനീഷ് കുമാർ എന്നിവർക്കെതിരായ അച്ചടക്ക നടപടി, ടിയാളുകളുടെ രണ്ട് വാർഷിക ഇൻക്രിമെന്റുകൾ സഞ്ചിതഫലത്തോടെ തടഞ്ഞ് തീർപ്പ് കൽപ്പിച്ച എക്സൈസ് കമ്മീഷണറുടെ പരാമർശം (1) ഉത്തരവിനെതിരെ ടിയാളുകൾ പരാമർശം (2) പ്രകാരം സമർപ്പിച്ച അപ്പീൽ അപേക്ഷയിൻമേൽ എക്സൈസ് കമ്മീഷണർ പരാമർശം (3) പ്രകാരം സമർപ്പിച്ച റിപ്പോർട്ടിൽ ചുവടെ ചേർക്കും പ്രകാരം അറിയിച്ചിട്ടുണ്ട്.

"(i) 15.06.2019-ന് ആലുവ എക്സൈസ് സർക്കിൾ ഓഫീസിലെ എക്സൈസ് ഇൻസ്പെക്ടർ ശ്രീ. സുജിത്ത്.പി.എസ്-ന്റെ നേതൃത്വത്തിൽ അസി. എക്സൈസ് ഇൻസ്പെക്ടർ (ഗ്രേഡ്) വി.എം.ഹാരിസ്, സിവിൽ എക്സൈസ് ഓഫീസർമാരായ ശ്രീ.ഷാബു.സി.ജി, ജോസ് റെയ്ബി, സിദ്ധാർത്ഥ് എസ്, എ.വി.പ്രദീപ്കുമാർ, സി.റ്റി.സുനീഷ് കുമാർ എന്നിവരടങ്ങുന്ന എക്സൈസ് സംഘം ശ്രീ.റഷന്ത് റെഡ്ഡി, ജഗദീശൻ, ഭരത് എന്നിവരുടെ പക്കൽ നിന്നും ഗഞ്ചാവ് കണ്ടുപിടിച്ച് ടിയാന്മാരെ അറസ്റ്റ് ചെയ്ത് 20(b)(ii) A of NDPS Act 1985 പ്രകാരം ടി ഓഫീസിൽ NDPS Cr No. 28/2019 ആയി കേസ് രജിസ്റ്റർ ചെയ്ത് ബഹുമാനപ്പെട്ട അങ്കമാലി Judicial First Class Magistrate Court മുമ്പാകെ ഹാജരാക്കുകയും ബഹുമാനപ്പെട്ട കോടതി ടിയാന്മാർക്ക് ജാമ്യം അനുവദിക്കുകയുമുണ്ടായി.

(ii) CIAL-ലെ BSSPL-ൽ Aviation Fueling Station-ൽ അസിസ്റ്റന്റ് ഏവിയേഷൻ ഓഫീസറായി ജോലിചെയ്തിരുന്ന മേൽ പ്രതികൾ 14.06.2019-ലെ നൈറ്റ് ഷിഫ്റ്റ് കഴിഞ്ഞ് ടി കമ്പനി അനുവദിച്ചിട്ടുള്ള താമസ സ്ഥലത്ത് വിശ്രമിക്കുമ്പോൾ 15.06.2019- എക്സൈസ് ഇൻസ്പെക്ടർ സുജിത്ത്.പി.എസ്-ന്റെ നേതൃത്വത്തിലുള്ള എക്സൈസ് സംഘം എത്തി ടിയാന്മാർക്കെതിരെ കളവായ കേസെടുത്തു എന്ന് ആരോപിച്ചുകൊണ്ട് ടിയാൻമാർ സമർപ്പിച്ച പരാതിയിന്മേൽ അന്വേഷണം നടത്തി അഡീഷണൽ എക്സൈസ് കമ്മീഷണർ (എൻഫോഴ്സ്മെന്റ്) റിപ്പോർട്ട് ഹാജരാക്കുകയുണ്ടായി.

(iii) ടി പ്രതികളിൽ നിന്നും ഗഞ്ചാവ് കണ്ടെടുത്തിട്ടില്ലെന്നും, ടിയാന്മാർ നിരപരാധികളാണെന്നും അറസ്റ്റ് ചെയ്യപ്പെട്ട ടി പ്രതികളെ അവരുടെ ഓഫീസറോട് സംസാരിക്കുന്നതിന് അനുവാദം നൽകിയിട്ടില്ലായെന്നും ടി ഉദ്യോഗസ്ഥർ നൽകിയ മൊഴിയിൽ സംഭവ സ്ഥലം വ്യത്യസ്തമായി പ്രതിപാദിക്കുന്നു എന്നും എക്സൈസ് ഉദ്യോഗസ്ഥർ അവരുടെ ഔദ്യോഗിക പദവി ദുരുപയോഗം ചെയ്തിട്ടുള്ളതായും ടി ഉദ്യോഗസ്ഥരുടെ പേരിൽ അച്ചടക്ക നടപടി സ്വീകരിക്കുവാനും അഡീഷണൽ എക്സൈസ് കമ്മീഷണർ (എൻഫോഴ്സ്മെന്റ്) റിപ്പോർട്ട് ചെയ്യുകയുണ്ടായി.

(iv) മേൽ സാഹചര്യത്തിൽ എറണാകുളം ഡിവിഷനിലെ അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ (ഗ്രേഡ്) ശ്രീ. വി.എം.ഹാരിസ്, സിവിൽ എക്സൈസ് ഓഫീസർമാരായ ശ്രീ. ഷാബു സി.ജി, ജോസ് റെയ്ബി, സിദ്ധാർത്ഥ് എസ് എന്നിവരെ കോട്ടയം ജില്ലയിലേക്കും, എ.വി.പ്രദീപ്കുമാർ, സി.റ്റി.സുനീഷ്കുമാർ എന്നിവരെ മലപ്പുറം ജില്ലയിലേക്കും അവരുടെ ലാവണം എറണാകുളം ജില്ലയിൽ നിലനിർത്തികൊണ്ട് അച്ചടക്ക നടപടിയുടെ ഭാഗമായി സ്ഥലം മാറ്റികൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. കൂടാതെ 14.08.2019-ലെ XD3-136956/19 നമ്പർ ഉത്തരവ് പ്രകാരം എക്സൈസ് ഇൻസ്പെക്ടർ ശ്രീ. സുജിത്ത് വി.എസ്-നെ മലപ്പുറം ജില്ലയിലെ നിലമ്പൂർ എക്സൈസ് റേഞ്ച് ഓഫീസിലേക്ക് സ്ഥലംമാറ്റികൊണ്ട് ഉത്തരവായിരുന്നതാണ്. തുടർന്ന് ടി ഉദ്യോഗസ്ഥർക്കും എക്സൈസ് ഇൻസ്പെക്ടർ ശ്രീ.സുജിത്.വി.എസ്-നും കുറ്റാരോപണ മെമ്മോ,കുറ്റാരോപണ പ്രതിക എന്നിവ നൽകുകയുണ്ടായി.

(v) ടി ഉദ്യോഗസ്ഥരെ ജില്ലവിട്ട് സ്ഥലംമാറ്റം നൽകിയിട്ട് 18 മാസത്തിലധികം ആയതിനാലും ടി ഉദ്യോഗസ്ഥർ കണ്ടുപിടിച്ച എൻ.ഡി.പി.എസ്. കേസിലെ പ്രതികൾ ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത ക്രിമിനൽ എം.സി.8564/19-ാം നമ്പർ കേസിലെ താൽക്കാലിക ഉത്തരവിൽ ടി കേസിന്റെ തുടരന്വേഷണം സ്റ്റേ ചെയ്തിട്ടുള്ള സാഹചര്യത്തിൽ ടി

കേസിന്റെ അന്വേഷണം നിലവിൽ നടത്താൻ കഴിയാതിരുന്നതിനാലും തുടർന്നും ടി ഉദ്യോഗസ്ഥരെ എറണാകുളം ഡിവിഷനിൽ നിന്നും മാറ്റി നിർത്തുമ്പോൾ ടി ജില്ലയിൽ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾക്ക് ഉദ്യോഗസ്ഥരുടെ കുറവുണ്ടാകുമെന്നും ബോദ്ധ്യമായതിന്റെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ (ഗ്രേഡ്) ശ്രീ.വി.എം.ഹാരിസ്, സിവിൽ എക്സൈസ് ഓഫീസർമാരായ സ/ശ്രീ.ഷാബു.സി.ജി.,ജോസ് റെയ്ബി, സിദ്ധാർത്ഥ് എസ് എന്നിവരെ കോട്ടയം ജില്ലയിൽ നിന്നും, സ/ശ്രീ.എ.വി.പ്രദീപ് കുമാർ, സി.റ്റി.സുനീഷ് കുമാർ എന്നിവരെ മലപ്പുറം ജില്ലയിൽ നിന്നും തിരികെ മാതൃജില്ലയായ എറണാകുളത്തേക്ക് സ്ഥലംമാറ്റി നൽകികൊണ്ട് ഉത്തരവാകുകയുണ്ടായി. ടി ഉദ്യോഗസ്ഥരെ ആലുവാ താലൂക്കിന് പുറത്തുള്ള എക്സൈസ് ഓഫീസുകളിൽ മാത്രമേ നിയമനം നൽകാവൂ എന്നും ഉത്തരവാകുകയുണ്ടായി.

(vi) കുറ്റാരോപണ മെമ്മോയ്ക്ക് ടി ഉദ്യോഗസ്ഥർ പ്രതിവാദപ്രതിക സമർപ്പിക്കുകയുണ്ടായി. ടിയാന്മാർ സമർപ്പിച്ച വിശദീകരണങ്ങൾ ബന്ധപ്പെട്ട രേഖകളും പ്രസക്തമായ വസ്തുതകളുമായി വിശദമായി പരിശോധിച്ചതിൽ ആയത് തൃപ്തികരമല്ലെന്ന് കാണുകയുണ്ടായി. ബഹു.ഹൈക്കോടതിയിൽ ടി കേസിലെ പ്രതികൾ ഫയൽ ചെയ്തിരുന്ന Crl.M.C.No.8564/19 ന്റെ 04/08/2021-ലെ ഉത്തരവ് പ്രകാരം ടി Crl.M.C അനുവദിക്കുകയും ടി എൻ.ഡി.പി.എസ്. കേസിന്റെ ഒക്കറൻസ് റിപ്പോർട്ടും, തുടർനടപടിയും റദ്ദാക്കികൊണ്ട് ഉത്തരവാകുകയുണ്ടായി. മേൽ സാഹചര്യത്തിൽ ടി ഉദ്യോഗസ്ഥർക്കെതിരെ തുടർ നടപടികൾ സ്വീകരിക്കുന്നതിലേയ്ക്കായി 1960-ലെ കേരള സിവിൽ സർവ്വീസ് (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങൾക്കു കീഴിലെ ചട്ടം 15 പ്രകാരമുള്ള ഫോർമൽ എൻക്വയറി നടത്തുന്നതിന് ഐ.എ.ഡബ്ല്യു ജോയിന്റ് എക്സൈസ് കമ്മീഷണറെ എൻക്വയറി ഓഫീസറായി നിയമിച്ചുകൊണ്ട് ഉത്തരവാകുകയും ആഭ്യന്തര പരിശോധന വിഭാഗം ജോയിന്റ് എക്സൈസ് കമ്മീഷണർ റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി.

(vii) ഫോർമൽ എൻക്വയറി റിപ്പോർട്ടുപ്രകാരം ആലുവ എക്സൈസ് സർക്കിൾ ഓഫീസിൽ എൻ.ഡി.പി.എസ് സി.ആർ നമ്പർ 28/2019-ാം ആയി രജിസ്റ്റർ ചെയ്ത കേസ്സ്, എൻ.ഡി.പി.എസ് കേസ്സ് കണ്ടെടുക്കുമ്പോൾ പാലിക്കേണ്ട എൻ.ഡി.പി.എസ് ആക്ടിലെ സെക്ഷൻ 50-ലെ മാനദണ്ഡങ്ങൾ പാലിക്കാതെയാണ് ടി കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്ന് വെളിവാകുന്നുവെന്ന് റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ടിലെ സംക്ഷിപ്ത ഭാഗത്തിനോട് അച്ചടക്ക അധികാരി പൂർണ്ണമായും യോജിക്കുന്നു. എൻ.ഡി.പി.എസ് നിയമത്തിലെ സെക്ഷൻ 50 ലെമാനദണ്ഡങ്ങൾ പാലിച്ചിരുന്നുവെങ്കിൽ ടി കേസിൽ കളവായ പരിശോധനയും പിടിച്ചെടുക്കലും ഉണ്ടാകുമായിരുന്നില്ലായെന്നും, ടി കേസ് രജിസ്റ്റർ ചെയ്യുന്നതിന് ഇടയാകുമായിരുന്നില്ലായെന്നും അഡീ. എക്സൈസ് കമ്മീഷണറുടെ (എൻഫോഴ്സ്മെന്റ്) പ്രാഥമിക അന്വേഷണ റിപ്പോർട്ടും കൂടി പരിശോധിക്കുമ്പോൾ ബോദ്ധ്യമാകുന്നു. കുറ്റാരോപിതരായ ഉദ്യോഗസ്ഥർ ഇത്തരത്തിൽ കളവായി കേസ് രജിസ്റ്റർ ചെയ്ത തായി ആരോപണം ഉണ്ടാകുകയും എന്നാൽ പിന്നീട് ബഹു.ഹൈക്കോടതി ടി കേസിന്റെ ഒക്കറൻസ് റിപ്പോർട്ട് റദ്ദാക്കുകയും ചെയ്തതിൽ നിന്നും അന്വേഷണ റിപ്പോർട്ടിന്റെ സംക്ഷിപ്തത്തിൽ പ്രതിപാദിക്കും പ്രകാരം എൻ.ഡി.പി.എസ് നിയമ ത്തിലെ സെക്ഷൻ 50 പ്രകാരമുള്ള അടിസ്ഥാന മാനദണ്ഡങ്ങൾ പാലിക്കാതെയാണ് കേസ് രജിസ്റ്റർ ചെയ്തതെന്ന് സംശയാതീതമായി തെളിയുന്നു. ആയതിനാൽ ഇക്കാര്യത്തിൽ കുറ്റാരോപിതർ കടുത്ത

ശിക്ഷക്ക് അർഹരാണെന്ന് കണ്ട് 1960-ലെ കേരള സിവിൽ സർവ്വീസ് (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങൾക്ക കീഴിലെ ചട്ടം 11 (1) (VA) പ്രകാരം ടിയാൻമാരുടെ രണ്ട് വാർഷിക ഇൻക്രിമെന്റകൾ സഞ്ചിതഫലത്തോടെ (with cumulative effect) തടയാൻ താല്ക്കാലികമായി തീരുമാനിക്കുകയും ടി താല്ക്കാലിക തീരുമാനം സ്ഥിരപ്പെടുത്താതിരിക്കുവാൻ കാരണം ഉണ്ടെങ്കിൽ ആയത് ബോധിപ്പിക്കുന്നതിന് ഫോർമൽ എൻക്വയറി റിപ്പോർട്ടിന്റെ പകർപ്പ് സഹിതം ടിയാൻമാർക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകുകയുണ്ടായി. ആയതിന് ടിയാൻമാർ മറുപടി സമർപ്പിക്കുകയുണ്ടായി. കൂടാതെ ടിയാൻമാരുടെ അപേക്ഷ പ്രകാരം 25.01.2023-ന് ടിയാൻമാരെ വീഡിയോ കോൾ വഴി കേട്ടിട്ടുള്ളതുമാണ്.

(viii) അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ (ഗ്രേഡ്) ശ്രീ.വി.എം. ഹാരിസ് നൽകിയ മൊഴിയിൽ ടിയാൻ ടി കേസ്സെടുത്ത പാർട്ടിയിലുണ്ടായിരുന്നതായും, ബഹു. കോടതി മുമ്പാകെ പ്രതികൾ പരാതി പറഞ്ഞിട്ടില്ലായെന്നും, അന്വേഷണ റിപ്പോർട്ടിൽ സാക്ഷികൾ ആദ്യം ഒപ്പിട്ടില്ലായെന്നും പിന്നീട് ഒപ്പിട്ടുവെന്നും രണ്ട് അന്വേഷണങ്ങളിലും വ്യത്യസ്തമായി പറഞ്ഞതായും, പരാതിക്കാരായ പ്രതികൾ രണ്ടാം അന്വേഷണസമയത്ത് ഹാജരായില്ലായെന്നും, നിരപരാധിത്വം തെളിയിക്കുവാൻ അവസരം കിട്ടിയിട്ടില്ലായെന്നും, തെറ്റൊന്നും ചെയ്തിട്ടില്ലായെന്നും അബദ്ധം പറ്റിയിട്ടുണ്ടെങ്കിൽ മാപ്പാക്കണമെന്നും, ടി കേസിന്റെ ഒക്കെറൻസ് റിപ്പോർട്ട് ബഹു. ഹൈക്കോടതി റദ്ദാക്കിയത് അറിയാമെന്നും കേസ് നിലനിൽക്കാത്തതു കൊണ്ടാണ് അപ്രകാരം ചെയ്തതെന്നും ബോധിപ്പിക്കുകയുണ്ടായി.

(ix) സിവിൽ എക്സൈസ് ഓഫീസർമാരായ ജോസ് സിദ്ധാർത്ഥ്.എസ് എന്നിവരും സമാനമായ രീതിയിലാണ് മൊഴി ബോധിപ്പിച്ചത്.

(x) സിവിൽ എക്സൈസ് ഓഫീസർ ഷാബു.സി.ജി. കേസ് സത്യസന്ധമാണെന്നും, ബഹു. ഹൈക്കോടതിയ്ക്ക് തെറ്റുപറ്റിയിട്ടില്ലായെന്നും, എന്തെങ്കിലും തെറ്റ പറ്റിയിട്ടുണ്ടെങ്കിൽ ക്ഷമിക്കണമെന്നും ബോധിപ്പിക്കുകയുണ്ടായി. സിവിൽ എക്സൈസ് ഓഫീസർ സുനീഷ് കുമാർ. സി.റ്റി കേസെടുക്കാൻ ടിയാനും ഉണ്ടായിരുന്നതായും, വ്യക്തിവൈരാഗ്യം ഉണ്ടായിരുന്നില്ലായെന്നും, സാക്ഷികൾ ഒപ്പിട്ടതായും,അന്വേഷണ ഉദ്യോഗസ്ഥന് ടിയാനോട് വ്യക്തി വിരോധമുണ്ടായിരുന്നില്ലായെന്നും ബോധിപ്പിക്കുകയുണ്ടായി. സിവിൽ എക്സൈസ് ഓഫീസർ പ്രദീപ്കുമാർ, എ.പി ബഹു. കോടതി കേസ് റദ്ദാക്കിയത് ശരിയാണെന്നും സി.സി.റ്റി.വി പരിശോധിക്കണമെന്ന് ഫോർമൽ എൻക്വയറിയിൽ പറഞ്ഞിരുന്നതായും പരിശോധിച്ചോ എന്ന് അറിയില്ലായെന്നും ബോധിപ്പിക്കുകയുണ്ടായി.

(xi) എക്സൈസ് ഇൻസ്പെക്ടർ ശ്രീ. സുജിത്ത്.പി.എസ് ടിയാനും പാർട്ടിയും ചേർന്നാണ് കേസ് കണ്ടെടുത്തതെന്നും, ആദ്യം ടിയാനെതിരെ താൽകാലിക നടപടി ഉണ്ടായിരുന്നതായും, എൻ.ഡി.പി.എസ് സെക്ഷൻ 50 പാലിച്ചില്ല എന്ന കാരണത്താലാണ് നിലവിൽ നടപടി എടുത്തിരിക്കുന്നതെന്നും കൂടുതൽ ഗഞ്ചാവ് ഇല്ലായെന്ന് തോന്നിയതിനാലാണ് സെക്ഷൻ 50 പാലിക്കാത്തതെന്നും മനപ്പൂർവ്വം ഒന്നും ചെയ്തിട്ടില്ലായെന്നും, ബഹു. ഹൈക്കോടതി കേസ് റദ്ദ് ചെയ്ത വിവരം അറിയാമെന്നും ബോധിപ്പിക്കുകയുണ്ടായി.

(xii) കുറ്റാരോപിതരെ കേട്ടപ്പോൾ നൽകിയ മൊഴി പരിശോധിച്ചതിൽ ടി കേസ് സത്യസന്ധമായി എടുത്തതാണെന്നും, എൻ.ഡി.പി.എസ് ആക്ട് സെക്ഷൻ 50-ലെ നടപടി

ക്രമങ്ങൾ പാലിച്ചില്ല എന്ന കാരണത്താലാണ് നടപടി സ്വീകരിച്ചതെന്ന വാദം, ടിയാന്മാർ ചെയ്ത കുറ്റകൃത്യത്തിൽ നിന്നും ഒഴിവാകുന്നതിനാണെന്ന് ബോദ്ധ്യമാകുന്നു. കൂടാതെ കേസ് കണ്ടെടുത്തപ്പോൾ വളരെ കുറച്ച് അളവ് ഗഞ്ചാവ് മാത്രമേ ഉണ്ടായിരുന്നുള്ളൂ എന്നും, കൂടുതൽ ഉണ്ടാകാൻ സാധ്യത ഇല്ലാതിരുന്നു എന്നതിനാലുമാണ് എൻ.ഡി.പി.എസ് ആക്ട് സെക്ഷൻ 50-ലെ നടപടി ക്രമങ്ങൾ പാലിച്ചില്ല എന്ന വാദം യുക്തിക്ക് നിരക്കാത്തതാണ്. കാരണം ടി പ്രതികളിൽ നിന്നും ഗഞ്ചാവ് കണ്ടെത്തിയതായ സ്ഥലം ടിയാന്മാരുടെ താമസസ്ഥലത്ത് നിന്നും വളരെ അടുത്തായിരുന്നിട്ടും കൂടുതൽ ഗഞ്ചാവ് കണ്ടെത്തുന്നതിനോ മറ്റോ പരിശോധന നടത്തുന്നതിന് വീഴ്ച വരുത്തിയതായി ബോധ്യമാകുന്നു. മേൽ വിവരിച്ച കാര്യങ്ങളിൽ നിന്നും ടി കേസ് കളവായി കണ്ടെടുത്തതാണെന്ന് ബോധ്യമാകുന്നു. മേൽ വിവരിച്ച കാര്യങ്ങളിൽ നിന്നും ടി കേസ് കളവായി കണ്ടെടുത്തതാണെന്ന് ഫോർമൽ എൻക്വയറി ഉദ്യോഗസ്ഥൻ അന്വേഷണത്തിൽ ടി കേസ് കളവായി രജിസ്റ്റർ ചെയ്തതിനെ സംബന്ധിച്ചും കുറ്റാരോപണത്തെ സംബന്ധിച്ചും വിശദമായി അന്വേഷണം നടത്താതെ എൻ.ഡി.പി.എസ് ആക്ട് സെക്ഷൻ 50-ലെ നടപടി ക്രമങ്ങൾ പാലിക്കുന്നതിലുള്ള വീഴ്ച മാത്രം സംക്ഷിപ്തമായി പരാമർശിച്ചതായി ബോദ്ധ്യമാകുന്നു. അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ട് പരിശോധിക്കുമ്പോൾ സെക്ഷൻ 50 പ്രാകാരമുള്ള മാനദണ്ഡങ്ങൾ പാലിച്ചിരുന്നുവെങ്കിൽ കളവായി കേസ് എടുക്കുന്നതിനുള്ള സാഹചര്യം ഉണ്ടാകുമായിരുന്നില്ലായെന്ന് ബോദ്ധ്യമാകുന്നു.

(xiii) കൂടാതെ ബഹു. ഹൈക്കോടതി ടി എൻ.ഡി.പി.എസ് കേസിന്റെ ഒക്വറൻസ് റിപ്പോർട്ടും തുടർ നടപടിയും റദ്ദാക്കി ഉത്തരവായിട്ടുള്ളതാണ്. ടി ഉത്തരവിൽ ബഹു. ഹൈകോടതി താഴെ പറയും പ്രകാരം പരാമർശിച്ചിട്ടുള്ളതാണ് ..... It is a case of false implication and therefore a clear case of abuse of the process has come out and the petitioners are entitled to succeed in the proceedings. In the result, the Crl. M.C is allowed and Annexure AI occurrence report and all further proceedings are hereby quashed' മേൽ സാഹചര്യത്തിൽ കുറ്റാരോപിതർക്ക് ക്രോസ് വിസ്താരം ചെയ്യുവാൻ അവസരം ലഭിച്ചില്ല എന്നുള്ള വാദം പ്രസക്തമല്ലാത്തതും ആയത് ടിയാന്മാർക്കെതിരെയുള്ള കുറ്റാരോപണങ്ങളിൽ നിന്നും വ്യതിചലനം വരുത്തി സ്ഥാപിച്ചെടുക്കുന്നതിനാണെന്ന് ബോധ്യമാകുന്നു. കൂടാതെ സാക്ഷികൾ ആദ്യം നൽകിയിതിൽ നിന്നും വ്യത്യസ്തമായി മൊഴി നൽകിയെന്നും മറ്റുമുള്ള വാദത്തിന് അന്വേഷണത്തിൽ കാര്യമാത്രമായ പ്രസക്തി കാണുന്നില്ല.

(xiv) കുറ്റാരോപിതർ സമർപ്പിച്ച വിശദീകരണവും ബന്ധപ്പെട്ട രേഖകളും, അന്വേഷണ റിപ്പോർട്ടുകളും പരിശോധിച്ചതിൽ ടിയാന്മാർക്ക് താൽക്കാലികമായി നൽകുവാൻ തീരുമാനിച്ച ശിക്ഷ പുനപരിശോധിക്കേണ്ടതായ പുതിയ കാര്യങ്ങളോ, വിശദീകരണമോ സമർപ്പിച്ചിട്ടില്ലാത്തതും, ടിയാന്മാർക്കെതിരെയുള്ള കുറ്റം നിലനിൽക്കുന്നതായും താൽക്കാലികമായി തീരുമാനിച്ച ശിക്ഷയ്ക്ക് ടിയാന്മാർ അർഹരാണെന്നും ബോധ്യമാകുകയുണ്ടായി. മേൽ സാഹചര്യത്തിൽ 1960-ലെ കേരള സിവിൽ സർവ്വീസ് (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങൾക്കു കീഴിലെ ചട്ടം II (1) (vA) പ്രകാരം എക്സൈസ് ഇൻസ്പെക്ടർ ശ്രീ സുജിത്ത്.പി.എസ്, അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ (ഗ്രേഡ്) ശ്രീ. വി.എം.ഹാരിസ്, സിവിൽ എക്സൈസ് ഓഫീസർമാരായ സശ്രീ.ഷാബു.സി.ജി. ജോസ് റെസ്ബി, സിദ്ധാർത്ഥ് എസ്, എ.പി.പ്രദീപ്കുമാർ, സി.റ്റി.സുനീഷ്കുമാർ എന്നിവരുടെ രണ്ട് വാർഷിക ഇൻക്രിമെന്റുകൾ സഞ്ചിതഫലത്തോടെ (with cumulative effect) തടഞ്ഞുകൊണ്ട്

അച്ചടക്കനടപടികൾ തീർപ്പാക്കി ഉത്തരവാകുകയുണ്ടായി .

(xv) മേൽ സാഹചര്യത്തിൽ എക്സൈസ് ഇൻസെക്ടർ ശ്രീ.സുജിത്ത് പി എസ്,അസി. എക്സൈസ് ഇൻസ്പെക്ടർ (ഗ്രേഡ്) വി.എം.ഹാരിസ്, സിവിൽ എക്സൈസ് ഓഫീസർമാരായ ശ്രീ.ഷാബു.സി.ജി, ജോസ് റെയ്ബി, സിദ്ധാർത്ഥ് എസ്, എ.വി.പ്രദീപ്കുമാർ, സി.റ്റി.സുനീഷ് കുമാർ എന്നിവർ സമർപ്പിച്ച അപ്പീൽ അപേക്ഷകൾ പരിഗണനാർഹമല്ലെന്ന് റിപ്പോർട്ട് ചെയ്തുകൊള്ളുന്നു. "

2) എക്സൈസ് ഇൻസെക്ടർ ശ്രീ.സുജിത്ത് പി എസ്,അസി. എക്സൈസ് ഇൻസ്പെക്ടർ (ഗ്രേഡ്) വി.എം.ഹാരിസ്, സിവിൽ എക്സൈസ് ഓഫീസർമാരായ ശ്രീ.ഷാബു.സി.ജി, ജോസ് റെയ്ബി, സിദ്ധാർത്ഥ് എസ്, എ.വി.പ്രദീപ്കുമാർ, സി.റ്റി.സുനീഷ് കുമാർ എന്നിവർ സമർപ്പിച്ച അപ്പീൽ അപേക്ഷ പരിശോധിച്ചതിൽ ടിയാൻമാർ ചുവടെ ചേർത്തിട്ടുള്ള വാദങ്ങൾ ഉന്നയിച്ചിരിക്കുന്നു.

<u>ശ്രീ.സുജിത്ത് പി എസ്,എക്സൈസ് ഇൻസെക്ടർ</u>

എ) അച്ചടക്കനടപടിക്കാധാരമായ പരാതിയിലെ 3 പരാതിക്കാരിൽ ആരും തന്നെ ഫോർമൽ എൻക്വയറി നടത്തിയ അന്വേഷണ ഉദ്യോഗസ്ഥന് മുമ്പാകെ ഹാജരാകുകയോ അവരെ ക്രോസ് വിസ്താരം നടത്തുന്നതിനുള്ള അവസരം എനിക്ക് ലഭിക്കുകയോ ചെയ്തിട്ടില്ല. ഇത് സ്വാഭാവിക നീതിയുടെ ലംഘനമാണ്. ആയതുകൊണ്ട് ജോയിന്റ് എക്സൈസ് കമ്മീഷണർ (ആഭ്യന്തര പരിശോധനാ വിഭാഗം) നൽകിയ 23.05.2022 തീയതിയിലെ ഫോർമൽ എൻക്വയറി റിപ്പോർട്ട് വസ്തുതാപരമായും നിയമപരമായും നിലനിൽക്കുന്നതല്ല.

ബി) അന്വേഷണ ഉദ്യോഗസ്ഥൻ സ്വതന്ത്ര സാക്ഷികളായി പരാമർശിക്കുന്നത് NDPS CR No.28/2019 നമ്പർ കേസിലെ സാക്ഷികളെയാണ്. അന്വേഷണ ഉദ്യോഗസ്ഥൻ നടത്തിയ അന്വേഷണത്തിലെ സാക്ഷികളായി വരേണ്ട പരാതിക്കാർ 3 പേരും പല പ്രാവശ്യം നോട്ടീസ് അയച്ചിട്ടും ഹാജരായില്ല എന്നും ഫോർമൽ എൻക്വയറി അന്വേഷണ ഉദ്യോഗസ്ഥൻ റിപ്പോർട്ടിൽ പരാമർശിക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ അന്വേഷണ ഉദ്യോഗസ്ഥൻ പരാതിക്കാരുടെ പരാതിയിൽ കഴമ്പില്ല എന്ന് കണ്ട് റിപ്പോർട്ട് നൽകേണ്ടതായിരുന്നു. അന്വേഷണ ഉദ്യോഗസ്ഥന്റെ കണ്ടെത്തലുകൾ അടിസ്ഥാനരഹിതവും നിയമപരമായി നിലനിൽക്കാത്തതുമാണ്.

സി) സ്വതന്ത്ര സാക്ഷികൾ 2 പേരും മഹസ്സർ കേസെടുത്ത ദിവസം അവരുടെ മേൽവിലാസം എഴുതി ഒപ്പിട്ട് വാങ്ങിയ മഹസ്സർ തന്നെയാണെന്ന് സമ്മതിക്കുന്നുണ്ട്. ഇക്കാര്യം ഫോർമൽ എൻക്വയറി നടത്തിയ അന്വേഷണ ഉദ്യോഗസ്ഥൻ വേണ്ട രീതിയിൽ പരിഗണിക്കാതെയാണ് റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. തെളിവുകൾ വേണ്ട രീതിയിൽ പരിഗണിക്കാതെ തയ്യാറാക്കിയ അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ടിലെ കണ്ടെത്തലുകൾ തികച്ചും തെറ്റും വാസ്തവവിരുദ്ധവുമാണ്.

ഡി) അന്വേഷണ ഉദ്യോഗസ്ഥൻ അഡീഷണൽ എക്സൈസ് കമ്മീഷണർ (എൻഫോഴ്സ്മെന്റ്) -ന്റെ 25.07.2019 റിപ്പോർട്ടിലെ പരാമർശങ്ങൾ ആധാരമാക്കിക്കൊണ്ടാണ് എന്നെ

കുറ്റക്കാരനായി കണ്ടിരിക്കുന്നത്. പ്രസ്തുത റിപ്പോർട്ട് തയ്യാറാക്കിയത് അദ്ദേഹമെടുത്ത സാക്ഷിമൊഴികളുടെ ബലത്തിലാണ്. പ്രസ്തുത സാക്ഷികളെ എതിർ വിസ്താരം നടത്തുന്നതിന് എനിക്ക് അവസരം നൽകാതെയും പരാതിക്കാരുടെ മൊഴികൾ പൂർണമായും വിശ്വാസത്തിലെടുത്തുമാണ് .ഇത് സാമാന്യനീതിയുടെ കടുത്ത ലംഘനമാണ്. അന്വേഷണ ഉദ്യോഗസ്ഥൻ അദ്ദേഹത്തിന്റെ മുമ്പാകെ വന്ന തെളിവുകളും സാക്ഷിമൊഴികളും അടിസ്ഥാനമാക്കി റിപ്പോർട്ട് നൽകുന്നതിന് പകരം മറ്റൊരു അന്വേഷണറിപ്പോർട്ടിനെ അവലംബിച്ചുകൊണ്ട് റിപ്പോർട്ട് നൽകിയത് തികച്ചും അന്യായമാണ്.

ഇ): ബഹുമാനപ്പെട്ട എക്സൈസ് കമ്മീഷണറുടെ 21.02.2023 തീയതിയിലെ നടപടിക്രമങ്ങൾ പരിശോധിച്ചാൽ അദ്ദേഹവും അഡീഷണൽ എക്സൈസ് കമ്മീഷണർ എൻഫോഴ്സ്മെന്റിന്റെ 25.07.2019 ലെ അന്വേഷണറിപ്പോർട്ട് ആധാരമാക്കിയാണ് ശിക്ഷ നടപ്പാക്കിയിട്ടുള്ളത് എന്ന് വ്യക്തമാകും. പ്രസ്തുത റിപ്പോർട്ടിന്റെ മാത്രം അടിസ്ഥാനത്തിലാണ് ബഹുമാനപ്പെട്ട ഹൈക്കോടതിയും (Crl.M.C8564/2019 ലെ വിധി പ്രസ്താവിച്ചിട്ടുള്ളത്. 25.07.2019 അന്വേഷണ റിപ്പോർട്ടിന്റെ കണ്ടെത്തലുകളുടെ ആധികാരികതയെപ്പറ്റിയും സാമാന്യനീതിയുടെ തത്ത്വങ്ങൾ പാലിച്ചുകൊണ്ടാണോ പ്രസ്തുത എൻക്വയറി നടത്തിയത് എന്ന കാര്യവും പരിഗണിക്കാതെയാണ് റിപ്പോർട്ടിലെ കണ്ടെത്തലുകൾ പൂർണമായും സ്വീകരിച്ചുകൊണ്ട് എനിക്കെതിരെ നടപടിയെടുത്തിട്ടുള്ളത്. ആയതുകൊണ്ട് അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ടും ബഹുമാനപ്പെട്ട എക്സൈസ് കമ്മീഷണറുടെ 21.02.2023 തീയതിയിലെ EXC/3593/2019/XE4(1) നമ്പർ ഉത്തരവും നിയമവിരുദ്ധവും റദ്ദ് ചെയ്യപ്പെടേണ്ടതുമാണ്. മേൽ കാണിച്ച കാരണങ്ങൾ പരിഗണിച്ച് ബഹുമാനപ്പെട്ട അങ്ങ് അപ്പീലിന് ആധാരമായ വസ്തുതകൾ പരിഗണിച്ച് എൻക്വയറി ഓഫീസറുടെ റിപ്പോർട്ട് തള്ളിക്കൊണ്ടും ബഹുമാനപ്പെട്ട എക്സൈസ് കമ്മീഷണറുടെ 21.02.2023 തീയതിയിലെ EXC/3593/2019/XE4(1) നമ്പർ ഉത്തരവ് റദ്ദ് ചെയ്ത് എനിക്ക് നഷ്ടപ്പെട്ട ഇൻക്രിമെന്റ് പുനസ്ഥാപിച്ചുകൊണ്ട് ഉത്തരവുണ്ടാകണമെന്ന് വിനയപൂർവ്വം അപേക്ഷിക്കുന്നു. അപ്പീൽ തീർപ്പാക്കുന്ന സമയത്ത് എന്നെ നേരിൽ കേൾക്കണമെന്നും എനിക്ക് എന്റെ വാദമുഖങ്ങൾ തെളിയിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കുന്നതിന് അനുമതി നൽകണമെന്നും വിനീതമായി അപേക്ഷിക്കുന്നു.

**അസി. എക്സൈസ് ഇൻസ്പെക്ടർ (ഗ്രേഡ്) വി.എം.ഹാരിസ്, സിവിൽ എക്സൈസ് ഓഫീസർമാരായ ശ്രീ.ഷാബു.സി.ജി, ജോസ് റെയ്ബി, സിദ്ധാർത്ഥ് എസ്, എ.വി.പ്രദീപ്കുമാർ, സി.റ്റി.സുനീഷ് കുമാർ എന്നിവർ സമർപ്പിച്ച അപ്പീൽ അപേക്ഷ പരിശോധിച്ചതിൽ ടിയാൻമാർ ചുവടെ ചേർത്തിട്ടുള്ള പൊതുവായ വാദങ്ങൾ ഉന്നയിച്ചിരിക്കുന്നു.**

അന്വേഷണ വിചാരണ അധികാരിയായി നിയമിക്കപ്പെട്ട ഓഫീസർ എപ്രകാരം ഉള്ള ഉദ്യോഗസ്ഥനായിരിക്കണമെന്ന് ബഹ: ഗവ: GO(P) 12/85 VIG dt. 31- 10-1985 ഉത്തരവിലൂടെ ഇപ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. . "THE ENQUIRING AUTHORITY SO APPOINTED MUST BE FREE FROM BIAS. BIAS ON THE PART OF THE INQUIRING AUTHORITY WOULD VITIATE THE DISCIPLINARY PROCEEDINGS COMPLETELY THE INQUIRING AUTHORITY SHOULD, THEREFORE BE A PERSON COMPLETELY DISINTERESTED IN THE CASE"

ബഹ: Kerala High Court ലെ Hon'ble Justices Asok Bhushan & A.M. Shaffique 10-

02-2014 പറഞ്ഞ WA 1869/2014 കേസിലെ 2014(4) KHC 891 "നിയമം നിർമ്മിക്കപ്പെട്ടിരിക്കുന്നത് നടപ്പിലാക്കാനാണ് അല്ലാതെ അവ അഗണിക്കാനല്ല. ഇന്ത്യൻ ഭരണഘടന പ്രകാരം ഇന്ത്യാ രാജ്യത്ത് മേൽപ്പടി ഉത്തരവ് എല്ലാവർക്കും ബാധകമാണ്. ടി കാര്യം അവഗണിക്കപ്പെട്ടിട്ടുള്ളതാണ്.

അച്ചടക്ക നടപടിക്ക് ശുപാർശ ചെയ്ത KCS (CCA) Rule 1960 യിൽ 1 മുതൽ 41 വരെയുള്ള പട്ടികയിൽ പറയുന്ന നിയമങ്ങളിൽ Formal Enquiry എങ്ങിനെ നടത്തണമെന്ന് നിർദ്ദേശിക്കുന്നില്ല.

ബഹു: Kerala High Court ലെ HON. JUSTICES P.N. RAVINDREN WP(C) 30831/2012 Case (NOUSHAD V/S STATE OF KERALA & OTHERS) കേസിൽ 10-04-2013 പറഞ്ഞ വിധിന്യായം 2013 KHC 2755 "PROCEDURE LAID DOWN IN THE MDP FOR DISCIPLINARY PROCEEDINGS GOVERNING GOVERNMENT EMPLOYEES"

എനിക്ക് എതിരെ അച്ചടക്ക നടപടിക്ക് നിയമിക്കപ്പെട്ട ബഹു: എൻക്വയറി ഓഫീസർക്ക് MDP Para 21, 29 & 35 പ്രകാരമുള്ള നടപടിക്രമങ്ങളിൽ പറഞ്ഞിരിക്കുന്ന ചോദ്യങ്ങൾ മാത്രമേ കുറ്റാരോപിതനായ എന്നോട് ചോദിക്കാൻ പാടുള്ളൂ എന്ന നിയമം ലംഘിച്ച് ആരോപണ സംഗതിയെ കുറിച്ച് ചോദിച്ച് എന്റെ മൊഴി രേഖപ്പെടുത്തുകയും എന്നോട് ആയതിനെ സംബന്ധിച്ച് ചോദ്യങ്ങൾ ചോദിക്കുകയും, ഉത്തരം പറയിപ്പിക്കുകയും അതും രേഖപ്പെടുത്തുകയും അതിൽ നിന്ന് നിഗമനത്തിൽ എത്തുകയും ചെയ്തിട്ടുണ്ട്.

Formal Enquiry Report Page No. (6) 1 to 5 വരികളിലും , Page No. (9) 1-17 വരികളിലും, പേജ് നം. (10) 7- 6 വരികളിലും, പേജ് നം. (11) 4 മുതൽ 11 വരി - കളിലും, ടി പേജ് 17 മുതൽ 21, പേജ് നം. (12) 1 മുതൽ 5 വരികളും, 10 - 15 വരികളിലും, 21-22 വരികളിലും, പേജ് നം. (13) 1 മുതൽ 8 വരികളിലും, 14- 23 വരികളിലും, പേജ് നം. (14) 1 - 3 വരികളിലും, ആയി എന്നേയും സഹകുറ്റാരോപിതരെയും നിയമത്തിനു അതീതമായി ബഹു: എൻക്വയറി ഓഫീസർ മൊഴി രേഖപ്പെടുത്തിയതും, ക്രോസ് എക്സാം ചെയ്തതും അദ്ദേഹം തന്നെ എൻക്വയറി റിപ്പോർട്ടിൽ രേഖപ്പെടുത്തിയിരിക്കുന്നത് ഈ തെളിവ് ഈ സത്യം ചൂണ്ടി കാണിച്ചിട്ടും രേഖാമൂലം എഴുതി സമർപ്പിച്ചിട്ടും, ആയതിനെ സംബന്ധിച്ച് ഒരു പരാമർശവും ബഹു: ശിക്ഷണ അധികാരി നടത്തിയിട്ടില്ലാത്തതും നിയമവിരുദ്ധമായ നടപടിക്രമത്തിലൂടെ എന്നെ കുറ്റക്കാരനാക്കിയ റിപ്പോർട്ട് ശരിവെച്ച് നിയമത്തിന് അധീതമായി എന്നെ ശിക്ഷിക്കുകയാണ് ഉണ്ടായിട്ടുള്ളത്.

മേൽ സംഗതിയിലേക്ക് EXC/3593/2019/XE4( 5 ) dt. 09-02-2021 ആയി തന്ന MOC യിൽ ഇതിലേക്കുള്ള എക്സിബിറ്റ് ആയി കാണിച്ചിരിക്കുന്നത് CA/ADEC/57/2019 dt. 25-07-2019 ആയി ബഹു: അഡീഷണൽ എക്സൈസ് കമ്മീഷണർ അവർകളുടെ പരാതി അന്വേഷണ റിപ്പോർട്ട് ആണ്. ടി അഡീഷണൽ എക്സൈസ് കമ്മീഷണർ അവർകളെ സാക്ഷിയായി വിസ്തരിക്കാൻ അവസരം എനിക്ക് തന്നിട്ടില്ല. ടി അന്വേഷണ റിപ്പോർട്ടിന് അടിസ്ഥാനമായ ക്രൈം 28/2019 കേസിൽ A1 to A3 വരെയുള്ളവരെ വിസ്തരിക്കാൻ അവസരം തന്നിട്ടില്ലാത്തതും ആണ്. തന്മൂലം മേൽ നമ്പർ ആയിട്ടുള്ള പരാതി അന്വേഷണ റിപ്പോർട്ടിലെ തെറ്റ് കുറ്റങ്ങൾ തെറ്റായിരുന്നു എന്ന് സ്ഥാപിക്കാൻ അവസരം എനിക്ക് നിഷേധിക്കപ്പെട്ടു. അതുവഴി ഞാൻ കുറ്റക്കാരനായി.

ബഹു: സുപ്രീം കോടതിയിലെ Hon. Justices M.Y EQBAI & S.A. BOBDA ഉൾപ്പെട്ട ബെഞ്ചിന്റെ 15-05-2015 ലെ വിധിന്യായം 2015 KHC 4593 ബഹു: കേരള ഹൈക്കോടതിയിലെ Hon. Justice T.C. Raghavan & K.K. Mathew ഉൾപ്പെട്ട ബെഞ്ചിന്റെ 04-03-1971 ലെ

വിധിന്യായം 1971 KLT 780 പ്രകാരം സാക്ഷിയായി ഹാജരാകാത്ത ബഹു. അഡീഷണൽ എക്സൈസ് കമ്മീഷണർ ശ്രീ. സാം ക്രിസ്റ്റി ഡാനിയേൽ IPS അവർകളുടെ പ്രതികളുടെ പരാതിയിലുള്ള അന്വേഷണ റിപ്പോർട്ട് അദ്ദേഹത്തിന്റെയോ എന്റെയോ സാന്നിദ്ധ്യമില്ലാതെ മുകളിൽ പറഞ്ഞ ബഹു: സുപ്രീം കോടതിയുടെയും കേരള ഹൈക്കോടതിയുടെയും ജഡ്ജ്മെന്റിന് എതിരായി എക്സിബിറ്റ്സ് ആയി സ്വീകരിച്ചു. അതുവഴി എന്നെ കുറ്റക്കാരനാക്കാൻ നിയമവിരുദ്ധമായി അദ്ദേഹത്തിന് സാധിച്ചു.

ക്രൈം28/2019 കേസിലെ A1, A2 & A3 ബഹു; JFCMC Angamaly മുമ്പാകെ കേസിനെ കുറിച്ചോ, എക്സൈസ് ഉദ്യോഗസ്ഥരെ കുറിച്ചോ എന്തെങ്കിലും പരാതി ഉണ്ടോ എന്ന് പ്രതികളോട് ചോദിച്ച സമയം ഇല്ലെന്ന് അവർ പറഞ്ഞതിലൂടെയാണ് ബഹു: കോടതി അവരെ റിമാന്റ് ചെയ്ത് ഉത്തരവായത്.

പിന്നീട് CIAL ലെ പോലീസിൽ സ്വാധീനമുള്ള ഉദ്യോഗസ്ഥർ ടി കേസിലെ ന്യൂനതകൾ ചൂണ്ടികാണിച്ച് സമർപ്പിച്ച പരാതിയിലാണ് കേസ് കണ്ടെടുത്തതിലും അന്വേഷണത്തിലും വന്ന പാകപിഴകൾ ചൂണ്ടികാണിച്ചത്. അല്ലാതെ ടി പ്രതികളിൽ നിന്ന് കഞ്ചാവ് കണ്ടെടുത്ത വസ്തുത തെറ്റാണെന്നും അത് കളവാണെന്നും തെളിയിക്കപ്പെട്ടിട്ടില്ല.

ഒരു കേസിന്റെ നിലനിൽപ്പിന് വേണ്ടി, തെളിവുകൾ ശേഖരിക്കുന്നതിനായി ചില സാഹചര്യത്തിൽ ചില കാര്യങ്ങളിൽ കൂട്ടിചേർക്കലും കുറവു ചെയ്യലും എല്ലാം എല്ലാവരും ചെയ്തുവരുന്ന പ്രക്രിയയാണ്. അപ്രകാരമുള്ള ന്യൂനതയാണ് ബഹു. അഡീഷണൽ എക്സൈസ് കമ്മീഷണർ തന്റെ റിപ്പോർട്ടിൽ ചൂണ്ടികാണിച്ചിരിക്കുന്നത്.

ടി റിപ്പോർട്ടിന്റെ പകർപ്പ് CIAL ഉദ്യോഗസ്ഥർക്ക് എങ്ങനെ ലഭിച്ചു? അത് ഒരു ചോദ്യചിഹ്നമായി അവശേഷിക്കുന്നു. ടി പകർപ്പ് അവർ ബഹു: കോടതി യിൽ ഹാജരാക്കിയാണ് Cr. 28/2019 റദ്ദ് ചെയ്തത്. അല്ലാതെ A1 to A3 നിരപരാധിയാണെന്ന് തെളിയിക്കാനുള്ള ഒരു രേഖകളും അവർക്ക് ഇതല്ലാതെ ഒന്നും തന്നെ ഹാജരാക്കാൻ ഉണ്ടായിരുന്നില്ല.

ടി A1 to A3 യെ ടി കേസിലേക്ക് പിടിക്കപ്പെടുന്ന സമയം അവരുടെ കൈവശം കഞ്ചാവ് ഉണ്ടായിരുന്നു എന്ന് സ്ഥാപിക്കാൻ ടി സാക്ഷികളെ വിസ്തരിക്കാൻ എനിക്ക് അവസരം ലഭിച്ചിട്ടില്ലാത്തതാണ്.

ബഹു: അഡീഷണൽ എക്സൈസ് കമ്മീഷണർ അവർകളെ വിസ്തരിക്കാൻ അവസരം തന്നിട്ടില്ലാത്തതിനാൽ അദ്ദേഹത്തിന്റെ റിപ്പോർട്ടിലെ തെറ്റുകൾ സ്ഥാപിക്കാൻ എനിക്ക് അവസരം തന്നിട്ടില്ലാത്തതാണ്.

ബഹു: എൻക്വയറി ഓഫീസർ അദ്ദേഹത്തിന്റെ കണ്ടെത്തൽ ആയി NDPS നിയമത്തിലെ SEC 50 ന്റെ അടിസ്ഥാന മാനദണ്ഡങ്ങൾ പാലിച്ചിട്ടില്ല എന്ന് തെളിഞ്ഞിട്ടുള്ളതാണ് എന്ന കണ്ടെത്തൽ ആയതിന് ആധാകരമായി എനിക്ക് തന്ന MOC യിൽ ഇപ്രകാരം ഒരു ആരോപണം പറഞ്ഞിട്ടില്ല.

അദ്ദേഹത്തിന്റെ നിഗമനത്തിൽ പറയുന്നത് ശരിയാണ് എന്ന് സങ്കൽപ്പിച്ചാൽ തന്നെ ആയതിന്റെ ഉത്തരവാദി ടി കേസിന്റെ Detecting Officer മാത്രമല്ലെ. അതിൽ ഞാൻ എങ്ങിനെയാണ് ഭാഗവാക്ക് ആകുന്നത്.

ടി കേസ് കണ്ടെടുക്കുന്ന സമയത്തും സ്ഥലത്തും ഉണ്ടായിരുന്ന, അതിന് സാക്ഷിയായി എന്നതിന്റെ പേരിൽ കേസിന്റെ Detecting Officer അല്ലാത്ത ഞാൻ കുറ്റക്കാരനാകുന്നത് എങ്ങിനെയാണ്.

ആകയാൽ മേൽ വിവരിച്ച വസ്തുതകളെ നിയമത്തിന്റെ കണ്ണിലൂടെ നോക്കികാണണമെന്നും അപ്രകാരം ചെയ്താൽ ഒരു നിരപരാധി ശിക്ഷിക്കപ്പെടില്ല എന്ന സത്യം

അങ്ങേയ്ക്ക് വ്യക്തമാകുന്നതാണ്.

3) എക്സൈസ് ഇൻസ്പെക്ടർ ശ്രീ സുജിത്ത്.പി.എസ് സമർപ്പിച്ച അപ്പീൽ അപേക്ഷ പരിശോധിച്ചതിൽ ടിയാനെ നേരിൽ കേൾക്കണമെന്ന് അപേക്ഷിച്ചിരുന്നു. ടി അപേക്ഷയുടെ അടിസ്ഥാനത്തിൽ 10/08/2023- ൽ ടിയാനെ നേരിൽകേൾക്കുകയും നേരിൽ കേട്ട വേളയിലും ടിയാൻ അപ്പീൽ അപേക്ഷയിൽ ഉന്നയിച്ചിരുന്ന അതേ വാദങ്ങൾ തന്നെ ഉന്നയിച്ചിരുന്നു.

4)എക്സൈസ് ഇൻസെക്ടർ ശ്രീ.സുജിത്ത് പി എസ്,അസി. എക്സൈസ് ഇൻസ്പെക്ടർ (ഗ്രേഡ്) വി.എം.ഹാരിസ്, സിവിൽ എക്സൈസ് ഓഫീസർമാരായ ശ്രീ.ഷാബു.സി.ജി, ജോസ് റെയ്ബി, സിദ്ധാർത്ഥ് എസ്, എ.വി.പ്രദീപ്കുമാർ, സി.റ്റി.സുനീഷ് കുമാർ എന്നിവർ സമർപ്പിച്ച അപ്പീൽ അപേക്ഷ എക്സൈസ് കമ്മീഷണറുടെ റിപ്പോർട്ടിന്റെയും ബന്ധപ്പെട്ട രേഖകളുടേയും അടിസ്ഥാനത്തിൽ പരിശോധിച്ചതിൽ എൻ.ഡി.പി.എസ് ആക്ട് സെക്ഷൻ 50-ലെ നടപടി ക്രമങ്ങൾ പാലിച്ചില്ല എന്ന കാരണത്താലാണ് നടപടി സ്വീകരിച്ചതെന്ന വാദം, ടിയാന്മാർ ചെയ്ത കുറ്റകൃത്യത്തിൽ നിന്നും ഒഴിവാകുന്നതിനാണെന്ന് ബോദ്ധ്യമാകുന്നു. കൂടാതെ കേസ് കണ്ടെടുത്തപ്പോൾ വളരെ കുറച്ച് അളവ് ഗഞ്ചാവ് മാത്രമേ ഉണ്ടായിരുന്നുള്ളൂ എന്നും, കൂടുതൽ ഉണ്ടാകാൻ സാധ്യത ഇല്ലാതിരുന്നു എന്നതിനാലുമാണ് എൻ.ഡി.പി.എസ് ആക്ട് സെക്ഷൻ 50-ലെ നടപടി ക്രമങ്ങൾ പാലിച്ചില്ല എന്ന വാദം യുക്തിക്ക് നിരക്കാത്തതാണ്. കാരണം ടി പ്രതികളിൽ നിന്നും ഗഞ്ചാവ് കണ്ടെത്തിയതായ സ്ഥലം ടിയാന്മാരുടെ താമസസ്ഥലത്ത് നിന്നും വളരെ അടുത്തായിരുന്നിട്ടും കൂടുതൽ ഗഞ്ചാവ് കണ്ടെത്തുന്നതിനോ മറ്റോ പരിശോധന നടത്തുന്നതിന് വീഴ്ച വരുത്തിയതായി ബോധ്യമാകുന്നു. ഫോർമൽ എൻക്വയറി ഉദ്യോഗസ്ഥൻ അന്വേഷണത്തിൽ എൻ.ഡി.പി.എസ് ആക്ട് സെക്ഷൻ 50-ലെ നടപടി ക്രമങ്ങൾ പാലിക്കുന്നതിലുള്ള വീഴ്ച മാത്രം സംക്ഷിപ്തമായി പരാമർശിച്ചതായി ബോദ്ധ്യമാകുന്നു. എന്നിരുന്നാലും ടി കേസ് കളവായി കണ്ടെടുത്തതാണെന്ന് ഫോർമൽ എൻക്വയറി റിപ്പോർട്ടിൽ പരാമർശിക്കുന്നില്ല. കൂടാതെ ബഹു.ഹൈക്കോടതിൽ ടി കേസിലെ പ്രതികൾ ഫയൽ ചെയ്തിരുന്ന Crl.M.C.No.8564/19 ന്റെ 04/08/2021-ലെ ഉത്തരവ് പ്രകാരം ടി Crl.M.C അനുവദിക്കുകയും ടി എൻ.ഡി.പി.എസ്. കേസിന്റെ ഒക്കറൻസ് റിപ്പോർട്ടും, തുടർനടപടിയും റദ്ദാക്കികൊണ്ട് ഉത്തരവായതും ടി കേസ് കളവായി കണ്ടുപിടിച്ചു എന്നതിന്റെ അടിസ്ഥാനത്തിൽ അല്ല മറിച്ച് നടപടിക്രമങ്ങൾ പാലിച്ചില്ല എന്നതിനാൽ ആണ്. അസി. എക്സൈസ് ഇൻസ്പെക്ടർ (ഗ്രേഡ്) വി.എം.ഹാരിസ്, സിവിൽ എക്സൈസ് ഓഫീസർമാരായ ശ്രീ.ഷാബു.സി.ജി, ജോസ് റെയ്ബി, സിദ്ധാർത്ഥ് എസ്, എ.വി.പ്രദീപ്കുമാർ, സി.റ്റി.സുനീഷ് കുമാർ എന്നിവർ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പറഞ്ഞിരിക്കുന്ന NDPS നിയമത്തിലെ SEC 50 ന്റെ അടിസ്ഥാന മാനദണ്ഡങ്ങൾ പാലിച്ചിട്ടില്ല എന്നതിന് ഉത്തരവാദി ടി കേസിന്റെ Detecting Officer മാത്രമാണെന്ന വാദം അംഗീകരിക്കുവാൻ സാധിക്കുകയില്ല. കാരണം ഒരു കേസ് കണ്ടുപിടിക്കുന്നതിൽ എക്സൈസ് സംഘത്തിലുള്ളവർക്ക് കൂട്ട് ഉത്തരവാദിത്തമാണ് ഉള്ളത് .അങ്ങനെ കണ്ടുപിടിക്കുന്ന കേസിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന ഒക്കറൻസ് റിപ്പോർട്ടിൽ ടി ഉദ്യോഗസ്ഥർ എല്ലാം തന്നെ സാക്ഷികൾ ആണ്.ആയതിനാൽ ടി കേസ് കണ്ടുപിടിക്കുമ്പോൾ എതെങ്കിലും തരത്തിലുള്ള വീഴ്ച സംഭവിച്ചിട്ടുണ്ടെങ്കിൽ ആ വിവരം ടി ഉദ്യോഗസ്ഥർക്ക് അപ്പോൾ തന്നെ മേൽ ഉദ്യോഗസ്ഥനെ അറിയിക്കാനുള്ള അവസരം ഉള്ളതാണ്. എന്നാൽ ടി ഉദ്യോഗസ്ഥർ ആരും തന്നെ അപ്രകാരം ഒരു ആരോപണം ഉന്നയിച്ചിട്ടില്ലാത്തതുമാണ്.എന്നിരുന്നാലും എൻ.ഡി.പി.എസ് ആക്ട് സെക്ഷൻ 50-ലെ നടപടി

ക്രമങ്ങൾ പാലിച്ചില്ല എന്ന ഫോർമൽ എൻക്വയറി ഉദ്യോഗസ്ഥന്റെ കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ കുറ്റത്തിന് അനുസരിച്ചുള്ള ശിക്ഷ അല്ല നൽകിയിരിക്കുന്നതെന്നും മറിച്ച് കഠിനമായ ശിക്ഷയാണ് നൽകിയിരിക്കുന്നതെന്ന് ബോധ്യമാകുന്നു. ആയതിനാൽ 1960-ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങൾക്ക് കീഴിലെ ചട്ടം11(1) (vA) പ്രകാരം എക്സൈസ് ഇൻസെക്ടർ ശ്രീ.സുജിത്ത് പി എസ്,അസി. എക്സൈസ് ഇൻസ്പെക്ടർ (ഗ്രേഡ്) വി.എം.ഹാരിസ്, സിവിൽ എക്സൈസ് ഓഫീസർമാരായ ശ്രീ.ഷാബു.സി.ജി, ജോസ് റെയ്ബി, സിദ്ധാർത്ഥ് എസ്, എ.വി.പ്രദീപ്കുമാർ, സി.റ്റി.സുനീഷ് കുമാർ എന്നിവർക്കെതിരെ ടിയാളുകളുടെ രണ്ട് വാർഷിക ഇൻക്രിമെന്റുകൾ സഞ്ചിതഫലത്തോടെ (with cumulative effect) തടഞ്ഞുകൊണ്ട് അച്ചടക്കനടപടി തീർപ്പാക്കിയ എക്സൈസ് കമ്മീഷണറുടെ ഉത്തരവ് പുനഃപരിശോധിച്ച് എൻ.ഡി.പി.എസ് ആക്ട് സെക്ഷൻ 50-ലെ നടപടി ക്രമങ്ങൾ പാലിച്ചില്ല എന്ന കുറ്റത്തിന് 1960-ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങൾക്ക് കീഴിലെ ചട്ടം11(1) (iii) പ്രകാരം ടിയാൻമാരുടെ ഒരു വാർഷിക ഇൻക്രിമെന്റ് ഒരു വർഷത്തേക്ക് സഞ്ചിതഫലത്തോടെ അല്ലാതെ തടഞ്ഞ് തീർപ്പാക്കുന്നതിന് താൽക്കാലിക തീരുമാനം കൈക്കൊണ്ട് ആയതിൻമേൽ കേരളാ പബ്ലിക്ക് സർവ്വീസ് കമ്മീഷന്റെ ഉപദേശം ആരായുകയും ടി താൽക്കാലിക തീരുമാനത്തോട് കേരളാ പബ്ലിക്ക് സർവ്വീസ് കമ്മീഷൻ യോജിക്കുന്നതായി പരാമർശം (4) പ്രകാരം കേരളാ പബ്ലിക്ക് സർവ്വീസ് കമ്മീഷൻ സെക്രട്ടറി അറിയിച്ചിരുന്നു.

5) മേൽ സാഹചര്യത്തിൽ 1960-ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങൾക്ക് കീഴിലെ ചട്ടം11(1) (vA) പ്രകാരം എക്സൈസ് ഇൻസെക്ടർ ശ്രീ.സുജിത്ത് പി എസ്,അസി. എക്സൈസ് ഇൻസ്പെക്ടർ (ഗ്രേഡ്) വി.എം.ഹാരിസ്, സിവിൽ എക്സൈസ് ഓഫീസർമാരായ ശ്രീ.ഷാബു.സി.ജി, ജോസ് റെയ്ബി, സിദ്ധാർത്ഥ് എസ്, എ.വി.പ്രദീപ്കുമാർ, സി.റ്റി.സുനീഷ് കുമാർ എന്നിവർക്കെതിരെ ടിയാളുകളുടെ രണ്ട് വാർഷിക ഇൻക്രിമെന്റുകൾ സഞ്ചിതഫലത്തോടെ (with cumulative effect) തടഞ്ഞുകൊണ്ട് അച്ചടക്കനടപടി തീർപ്പാക്കിയ എക്സൈസ് കമ്മീഷണറുടെ ഉത്തരവ് പുനഃപരിശോധിച്ച് എൻ.ഡി.പി.എസ് ആക്ട് സെക്ഷൻ 50-ലെ നടപടി ക്രമങ്ങൾ പാലിച്ചില്ല എന്ന കുറ്റത്തിന് 1960-ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങൾക്ക് കീഴിലെ ചട്ടം11(1) (iii) പ്രകാരം ടിയാൻമാരുടെ ഒരു വാർഷിക ഇൻക്രിമെന്റ് ഒരു വർഷത്തേക്ക് സഞ്ചിതഫലത്തോടെ അല്ലാതെ തടഞ്ഞ് തീർപ്പാക്കി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷജില എസ്
ഡെപ്യൂട്ടി സെക്രട്ടറി

1) സെക്രട്ടറി,കേരളാ പബ്ലിക് സർവ്വീസ് കമ്മീഷൻ,തിരുവനന്തപുരം.(ആമുഖ കത്ത് മുഖേന)
2) എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം.
3) ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (എക്സൈസ് കമ്മീഷണർ മുഖേന)
4) അക്കൗണ്ടന്റ് ജനറൽ, (എ&ഇ/ആഡിറ്റ്/ഇ.ആർ.എസ്.എ) കേരളം,

തിരുവനന്തപുരം

5) വെബ് & ന്യൂ മീഡിയ (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

6) കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Reese. V. A
Date: 07-11-2024 16:31:47
സെക്ഷൻ ഓഫീസർ